**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3321** **15-02-2024 - ൽ മറുപടിയ്ക്ക്**

**മേൽപ്പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ലെവൽ ക്രോസുകളില്ലാത്ത കേരളം എന്ന സർക്കാരിന്റെ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ എത്ര മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇനി എത്ര മേൽപ്പാലങ്ങളാണ് സംസ്ഥാനത്ത് വേണ്ടിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ലെവൽ ക്രോസ് രഹിത കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 99 റെയിൽവെ മേൽപാലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ. യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ നും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഒന്നിച്ച് പുരോഗമിക്കുന്നത്. ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണ ചുമതലയുള്ള മേൽപ്പാലങ്ങളിൽ കാഞ്ഞങ്ങാട്, ഫറോക്ക്, ഗുരുവായൂർ എന്നീ ആർ.ഒ.ബി. കൾ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു. നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന റെയിൽവേ മേൽപ്പാലങ്ങളിൽ 10 എണ്ണം ഈ വർഷം പൂർത്തീകരിക്കാൻ കഴിഞ്ഞേക്കുമെന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചു.<br><br>25 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 9 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ GAD റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 7 ആർ.ഒ.ബി.-കളുടെ അലൈൻമെന്റ് തീരുമാനമായിട്ടില്ല. എറണാകുളത്തിനും ഷൊർണ്ണൂറിനും ഇടയ്ക്കുള്ള റെയിൽവേയുടെ മൂന്നാമത്തെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് തീരുമാനമാകാത്തതിനാൽ 3 പദ്ധതികൾ നിർത്തി വച്ചിരിക്കുകയാണ്. 4 ആർ.ഒ.ബി.കളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഒരു ആർ.ഒ.ബി. യുടെ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു.<br><br>ഇതു കൂടാതെ 2023-24 റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി റെയിൽവേയുമായി 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിൽ അനുമതി ലഭിച്ച 34 ആർ.ഒ.ബി.കളുടെ നിർവ്വഹണ ഏജൻസിയായി ആർ.ബി.ഡി.സി.കെ. -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കെ.ആർ.ഡി.സി.എൽ -ന് നിർമ്മാണ ചുമതലയുള്ള മേൽപ്പാലങ്ങളിൽ 3 എണ്ണത്തിനു ഭരണാനുമതി നൽകുകയും എൽ.സി. 12 ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>റെയിൽവേയിൽ നിന്ന് ജി.എ.ഡി./ അലൈൻമെന്റ് -ന് അംഗീകാരം ലഭിക്കാനുള്ള മേൽപ്പാലങ്ങൾക്ക് ആയത് ലഭിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകു. |
| (ബി) | ലെവൽക്രോസുകളില്ലാത്ത കേരളം എന്ന ലക്ഷ്യം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ